പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1985 — 22.01.2014 -ൽ മറുപടിക്ക്

## താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന ബാറിന് എതിരായ സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽപ്പെട്ട താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന ബാറിന് എതിരായി നാട്ടുകാരും മദ്യനിരോധന സമിതി പ്രവർത്തകരും നടത്തിക്കൊണ്ടിരിക്കുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇവിടെനിന്ന് ബാർ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന വയനാട് റീജൻസി എന്ന ഹോട്ടലിന്, നിലവിലുള്ള അബ്കാരി നിയമങ്ങളും, വിദേശ മദ്യ ചട്ടങ്ങളും പൂർണ്ണമായും പാലിച്ചു കൊണ്ടാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എഫ്.എൽ.3 ലൈസൻസ് സ്ഥാപനങ്ങൾ പാലിക്കേണ്ട ചട്ടങ്ങളും നിയമങ്ങളും പാലിച്ചു കൊണ്ടാണ് ടി ബാർ ഹോട്ടൽ നിലവിൽ പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ